بسم الله الرحمن الرحيم

*In the Name of Allah, Most Gracious, Ever Merciful*

# ഖലീഫത്തുല്ലായും ഖലീഫത്തുൽ മസീഹും
# (KHALEEFATHULLAH & KHALEEFATH-UL-MASIH)

"നിങ്ങളിൽ നിന്നു വിശ്വസിക്കുകയും സൽക്കർമ്മം അനുഷ്ടിക്കുകയും ചെയ്യുന്നവരോട്, അവരെ അവർക്കു മുമ്പുണ്ടായിരുന്നവരെ ഖലീഫമാർ ആക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായിട്ടു താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവർ എന്നോട് ഒന്നിനേയും പങ്കുചേർക്കാതെ എന്നെ മാത്രം ആരാധിക്കുന്നതാണ്. ഇതിനുശേഷം ആർ നിഷേധിക്കുന്നുവോ അവർ ആജ്ഞലംഘകരാകുന്നു."(24 : 56)

ഹസ്രത്ത് ഹുസൈഫ (റ) യിൽ നിന്നുള്ള നിവേദനം നബി (സ) പറഞ്ഞു. "അല്ലാഹു ഇച്ഛിക്കുന്നിടത്തോളംകാലം നിങ്ങളിൽ നൂബൂവ്വത്ത് നിലനിൽക്കും., പിന്നെ അവൻ അതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലത്തോളം നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലനിൽക്കും, പിന്നെ അവൻ അതിനെ എടുത്തുകളയും അനന്തരം അല്ലാഹു ഇച്ഛിക്കുന്നതുവരെ സ്വേച്ഛാധിപത്യം നിലനിൽക്കും പിന്നെ അവൻ അതിനെ എടുത്തുകളയുകയും, പിന്നീട് നൂബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായി വരും. ഇതിനു ശേഷം നബി തിരുമേനി (സ) മൗനമവംലംഘിച്ചു.."

**മൗനം അവലംബിച്ച സമയത്ത്, തിരുനബി (സ) യ്ക്ക് ചില ദൈവീക സന്ദേശങ്ങൾ ലഭിക്കുകയായിരുന്നു. ഇത് നബി തിരുമേനിയുടെ മൗനം– അനചരവൃന്ദത്തെ ആകാംഷയുടെ മുൾമുനയിൽ നിർത്തി. ജനങ്ങളെ നേർവഴിയിൽ നയിക്കുന്ന, ഒരു രക്ഷകർത്താവായി വരാൻ പോകുന്ന ഒരു ഖലീഫയെപ്പറ്റിയുള്ള ദൈവീക സന്ദേശമായിരുന്നു തിരുനബി (സ) യ്ക്ക് അപ്പോൾ ലഭിച്ചത്. എന്നാൽ, ഈ വ്യവസ്ഥ തുടരുമ്പോൾ അല്ലാഹുവിനെ ഭയപ്പെടുന്നതിനു പകരം ജനങ്ങൾ ഖലീഫമാരെ ഭയക്കാൻ തുടങ്ങും. ഇത്തരം ഭയം ഹൃദയത്തിലുണ്ടാകുമ്പോൾ, ജനങ്ങൾ മനുഷ്യരെ ഭയക്കാൻ തുടങ്ങും. അപ്പോൾ, അല്ലാഹുവിലേക്ക് ജനങ്ങളെ വിളിക്കുന്നതിന് പകരം, അവർ വിളിക്കുന്നത് ഖലീഫയിലേക്ക് ആയിരിക്കും. മുകളിൽ ഉദ്ധരിച്ച ഖുർ ആനിക വചനത്തിൽ, പ്രവാചകത്വ രീതിയിലുള്ള ഖലീഫയെ പരാമർശിച്ചിരിക്കുന്നു. അല്ലാഹു (ത) ഒരു വ്യക്തിയെ പ്രവാചകത്വ പദവിയോടെ എഴുന്നേൽപിക്കുകയും, അദ്ദേഹത്തിൽ ദൈവീക വെളിപാടുകൾ ഇറങ്ങുകയും ചെയ്യുന്നു.**

**നമുക്കറിയാവുന്നതു പോലെ, ഇസ്ലാമിൽ സച്ചരിതരായ നാല് ഖലീഫമാർ ആദ്യകാലത്ത് ഉണ്ടായിരുന്നു. അതിനു ശേഷവും സമുദായത്തെ നേർവഴിയിൽ നയിച്ചിരുന്ന മറ്റു ഖലീഫമാർ ഉണ്ടായിരുന്നില്ലേ. ? മുജദ്ദിദുമാരെ അല്ലാഹു (ത) അയയ്ക്കാൻ തുടങ്ങുന്നതുവരെ ഈ പ്രക്രിയ തുടരുകയുണ്ടായി.**

## ഹസ്രത്ത് അഹ്മദ് (അ) –ഒരു ഖലീഫത്തുല്ല

**ഒരു കാര്യം മനസ്സിലാക്കുക. പ്രവാചകത്വത്തെ പിന്തുടർന്നു വരുന്ന ഖിലാഫത്ത് വ്യവസ്ഥ ദുഷിക്കുകയും വഴിതെറ്റുകയും ചെയ്യുമ്പോഴാണ്, അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും എന്ന നിലയിൽ, അല്ലാഹു (ത) പ്രവാചകത്വ രീതിയിലുള്ള ഖലീഫയെ എഴുന്നേൽപിക്കുന്നത്. അല്ലാഹു തെരഞ്ഞെടുക്കുന്ന ഖലീഫത്തുല്ല അങ്ങനെ അവതരിക്കുന്നു. അല്ലാഹു (ത) വാണ് അദ്ദേഹത്തെ ഖലീഫയായി എഴുന്നേൽപിക്കുന്നത്, മനുഷ്യരല്ല. എന്നിട്ട് അല്ലാഹു (ത)**

അദ്ദേഹത്തിന്റെ പൂർണ്ണ നിയന്ത്രണം ഏറ്റെടുക്കുന്നു.

പ്രസ്തുത ഖുർആനിക വചനം വളരെ വ്യക്തമാണ്. അതിൽ വിവാദത്തിനു സാധ്യതയില്ല. ഈ വചനത്തിലൂടെ അല്ലാഹു (ത) ഒരു വാഗ്ദാനം നൽകിയിരിക്കുന്നു. സൽക്കർമ്മങ്ങൾ ചെയ്യുന്ന സത്യവിശ്വാസികളോടുള്ള വാഗ്ദാനമാണിത്. എന്താണ് ഈ സദ്വൃത്തികൾ ? അവർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരും അവനോട് യാതൊന്നിനേയും പങ്കുചേർക്കാത്തവരും ആയിരിക്കും. അതായത്, അവരുടെ ഹൃദയത്തിൽ ദൈവഭയം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അനന്തരം സത്യവിശ്വാസികൾക്കാണ് അല്ലാഹു (ത) ഖലീഫമാരെ നൽകുക. അവരുടെ സദ്വൃത്തികൾ നിമിത്തം, ഒരു പ്രതിഫലമായി, അല്ലാഹു (ത) അവർക്കിടയിൽ ഒരു ഖലീഫയെ എഴുന്നേൽപിക്കുന്നു. അവരുടെ ഭയത്തിനു ശേഷം അവർക്ക് സമാധാനവും സുരക്ഷയും അവൻ നൽകുന്നു.

ഹസ്രത്ത് അബൂഹുറൈ (റ) യിൽ നിന്നു നിവേദനം ഞങ്ങൾ നബിതിരുമേനി (സ) യ്ക്ക് ഒപ്പം ഉണ്ടായിരുന്നപ്പോഴാണ് 'സൂറത്തുൽ ജും അ ' അവതരിച്ചിറങ്ങിയത്. "വ ആഖരിന മിൻഹും ലമ്മാ യൽഹകൂബിഹിം " എന്ന വചനം കേട്ടപ്പോൾ ഒരു സഹാബിവര്യൻ നബി (സ) യോട് ചോദിച്ചു. " താങ്കൾ ഇതു വരേയും കണ്ടുമുട്ടിയിട്ടില്ലാത്ത അവരിൽ നിന്നുള്ള ഒരു വിഭാഗം ആളുകൾ " എന്ന പരാമർശം ആരെക്കുറിച്ചാണ് ? നബി തിരുമേനി (സ) ആദ്യം മറുപടി പറഞ്ഞില്ല. സഹാബാക്കൾ ആ ചോദ്യം രണ്ടോ മൂന്നോ പ്രാവശ്യം ആവർത്തിച്ചു. ഹസ്രത്ത് സൽമാൻ ഫാരിസി (റ) ന്റെ ചുമലിൽ കൈവച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. 'ഈമാൻ'കാർത്തിക നക്ഷത്രത്തോളം ഉയർന്നു പോയാലും ഇദ്ദേഹത്തിന്റെ പിൻമുറക്കാരിൽ ഒരാൾ അതിനെ തിരികെ കൊണ്ടു വരും.

ഹസ്രത്ത് മസീഹ് മൗഊദ് (അ) നെപ്പറ്റിയുള്ളതാണ്. ഈ നബി വചനം എന്നു നമ്മൾ എല്ലാവരും അംഗീകരിക്കുന്നു. അതിൽ യാതൊരു സംശയവുമില്ല. മറ്റു നിവേദനങ്ങളിൽ, 'അദ്ദേഹത്തിന്റെ പിൻമുറക്കാരിൽ നിന്ന് ഒന്നിലേറെ വ്യക്തികൾ ഈ ദൗത്യം നിർവ്വഹിക്കും. എന്നാണ് പറഞ്ഞിരിക്കുന്നത്. അതു കൊണ്ട് ഹസ്രത്ത് മസീഹ് മൗഊദ് (അ) ആണ് ഇസ്ലാമിക വിശ്വാസത്തെ ഭൂമിയിൽ തിരിച്ചുകൊണ്ടു വരാൻ അല്ലാഹു (ത) നിയോഗിച്ച വ്യക്തി എന്ന് നമ്മുക്ക് പൂർണ്ണമായും മനസ്സിലാക്കാം. പിന്നീട്, ഈമാൻ കാർത്തികനക്ഷത്രത്തിലേക്ക് കയറി പോകുമ്പോൾ, അദ്ദേഹത്തിന്റെ ജന്മ നക്ഷത്രത്തിൽപെട്ടവർ അതു വീണ്ടും മറ്റുള്ളവർക്കായി തിരിച്ചെത്തിക്കും. ഹസ്രത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച അഹ്മദിയ ജമാഅത്തിൽ നിന്നല്ലാതെ അല്ലാഹുവിന്റെ ഖലീഫയ്ക്ക് വരുവാൻ സാധ്യമല്ല.

അപ്പോൾ, കാർത്തികനക്ഷത്രത്തോളം ഉയർന്നുപോയ ഇസ്ലാമിക വിശ്വാസത്തെ എങ്ങനെയാണ് ഭൂമിയിൽ മടക്കി കൊണ്ടുവരിക ? ഹസ്രത്ത മസീഹ് മൗഊദ് (അ), 'ഈമാനെ'ഭൂമിയിൽ തിരിച്ചെത്തിക്കാനുള്ള ദൗത്യം പൂർത്തിയാക്കിയത് എങ്ങനെയാണ്. ? വെളിപാടുകളിലൂടെ, ദിവ്യവെളിപാടുകളിലൂടെ അല്ലാഹു (ത) അദ്ദേഹത്തോട് സംസാരിച്ചു. ജനഹൃദയങ്ങളിൽ വിശ്വാസം നിറയ്ക്കാൻ ആവശ്യമായ മാർഗ്ഗദർശനം അദ്ദേഹത്തിന് നൽകുകയും ചെയ്തു. ഭോഗാസക്തമായ ഈ ലോകത്ത്, ഒരു പ്രവാസിയെപ്പോലെ അദ്ദേഹം കഴിഞ്ഞു. അല്ലാഹുവിൽ നിന്നുള്ള സഹായം അദ്ദേഹം എപ്പോഴും തേടികൊണ്ടിരുന്നു. ആ ഭാരിച്ച ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ, വെളിപാടുകൾ മുഖേന, അല്ലാഹു (ത) അദ്ദേഹത്തെ തീർച്ചയായും സഹായിക്കുകയുണ്ടായി. 'ഈമാൻ' ഭൂമിയിൽ വെറുതെ എത്തിച്ചേരുകയായിരുന്നില്ല. ഹസ്രത്ത് മസീഹ് മൗഊദ് (അ) ഒരു പാട് തീവ്രയാതനകൾ സഹിച്ചു. വ്യക്തിപരമായ അനാരോഗ്യത്തിനിടയിലും ശത്രുക്കളുടെ ഭീഷണികളും വെല്ലുവിളികളും കണക്കിലെടുക്കാതെ, അദ്ദേഹം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിരന്തരം പോരാടി.

## വാഗ്ദത്ത മസീഹിന്റെ പ്രവചന സ്വഭാവമുള്ള ആശങ്ക

എല്ലാ പരീക്ഷണങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും നടുവിൽ, അല്ലഹു (ത) വാഗ്ദത്ത മസീഹിനെ പിന്താങ്ങി. ദിവ്യ വെളിപാടുകളിലൂടെ അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹം 80–ലേറെ ഗ്രന്ഥങ്ങൾ രചിച്ചു. ജനങ്ങളുടെ ഹൃദയാന്തരാളത്തിലേക്ക് തൗഹീദിന്റെ സന്ദേശം സ്ഥാപിക്കുക എന്ന ലക്ഷ്യം എളുപ്പത്തിൽ ചെയ്യാവുന്ന ഒന്നാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ച കാലത്ത് ജാഅത്തിന്റെ സാമ്പത്തിക നില തീരെ ശോചനീയമായിരുന്നു. എന്നിട്ടും ആ ശോചനീയതെപ്പറ്റി അദ്ദേഹം വിഷമിച്ചില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭാവിയിൽ ജമാഅത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുമ്പോൾ എത്തിച്ചേരുന്ന ദശലക്ഷക്കണക്കിനു രൂപയുടെ വിനിയോഗത്തെപ്പറ്റി ആലോചിച്ചാണ് അദ്ദേഹം കൂടുതൽ വിഷമിച്ചിരുന്നത്. ധാരാളിത്വത്തിന്റെ പിടിയിൽ ഈ ധനമൊക്കെ അകപ്പെടുമോ എന്ന് അദ്ദേഹം ആശങ്കപ്പെട്ടിരുന്നു.

അഹ്മദികളുടെ ഹൃദയത്തിൽ നിന്ന് ഈമാന്റെ പ്രകാശം ഭാവിയിൽ അപ്രത്യക്ഷമാകുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. മുകളിൽ ചേർത്ത ആശങ്ക അതാണ് തെളീക്കുന്നത്. 'ഈമാൻ ' 'സുറയ്യാ' നക്ഷത്രത്തിലേക്ക് കയറിപ്പോകും അദ്ദേഹം നീതിമാനായ് വിധികർത്താവായി എത്തി, ജനങ്ങളിൽ സമാധാനവും ഐക്യവും ഊട്ടിയുപ്പിക്കുവാൻ പരിശ്രമിച്ചു.

## ഹസ്രത്ത് ആദം (അ)– ആദ്യത്തെ ഖലീഫത്തുല്ല

അല്ലാഹു (ത) എഴുന്നേൽപ്പിക്കുന്ന ഒരാൾ ആദമിനെപ്പോലെയാണ്. ആദ്യത്തെ ഖലീഫയും ആദ്യത്തെ ഖലീഫത്തുല്ലായും ആയിരുന്ന ആദത്തെപ്പോലെ. സത്യവിശ്വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള ഒരു ഖലീഫ. ഹസ്രത്ത് ആദം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഖലീഫ ആയിരുന്നുവോ? അല്ലാഹു (ത) ആദമിനെ **'സുജൂദ്'** ചെയ്യാൻ, മലക്കുകളോട് ആവശ്യപ്പെട്ടപ്പോൾ, അവർ പറഞ്ഞു: "കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ സ്ഥാപിക്കുകയാണോ. ? ഞങ്ങളാകട്ടെ നിന്റെ നാമത്തെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും ചെയ്യുന്നുവല്ലോ." അല്ലാഹു (ത) മറുപടി പറഞ്ഞു: " നിങ്ങൾ അറിയാത്തത് ഞാൻ അറിയുന്നു."

ഈ വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് എന്തെന്നാൽ, അല്ലാഹു (ത) അവന്റെ ഖലീഫത്തുല്ലായെ ഭൂമിയിൽ അയയ്ക്കുമ്പോഴെല്ലാം ജനങ്ങൾ കുഴപ്പങ്ങൾ സൃഷ്ടിക്കും. ഖലീഫത്തുല്ലായുടെ കാലശേഷം, അദ്ദേഹത്തിന്റെ പ്രതിച്ഛായകളായ പ്രതിപുരുഷന്മാരുടെ ഒരു വ്യവസ്ഥ നിലവിൽ വരും. അതു കൊണ്ട്, മാലാഖമാർ ഒരിക്കലും ദൈവത്തിന്റെ ഉദ്ദേശലക്ഷ്യത്തെ എതിർത്തില്ല. ഖലീഫത്തുല്ലാ ആയി അയ്യ്ക്കപ്പെട്ട ആദമിന് മേൽ തങ്ങളുടെ മേൽകോയ്മ അവകാശപ്പെട്ടതുമില്ല. ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുകയും രക്തം ചിന്തുകയും ചെയ്യുന്ന ആളുകളെ സംബന്ധിച്ചായിരുന്നു മാലാഖമാരുടെ ചോദ്യങ്ങൾ. മനുഷ്യപ്രകൃതിയുടെ ഇരുണ്ട വശങ്ങളെപ്പറ്റി മാലാഖമാർ നേരത്തെ മനസ്സിലാക്കിയിരുന്നു എന്നർത്ഥം. എന്നാൽ അല്ലാഹു (ത) ആകട്ടെ, തന്റെ ഖലീഫത്തുല്ലായെ അയയ്ക്കുന്നത് ധാർമ്മികവും ആത്മീയവും ആയ ഗുണഗണങ്ങളോടും ദൈവീക സിഫത്തുകളെ പ്രതിഫലിപ്പിക്കുന്ന വ്യക്തിത്വത്തോടും കൂടിയാണ്.

അതുകൊണ്ട് മാലാഖമാർ അല്ലാഹു (ത) യോട് പറഞ്ഞു: " ഞങ്ങളുടെ നാഥാ നീ പരിശുദ്ധനാകുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുകയും നിന്റെ മഹത്വത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു." തന്റെ ഖലീഫയെ എഴുന്നേൽപ്പിക്കാൻ അല്ലാഹു (ത) തീർച്ചയായും തീരുമാനിച്ചിരിക്കുന്നു. അങ്ങനെ ഖലീഫയെ സൃഷ്ടിച്ചപ്പോൾ, ഖലീഫയായ ഹസ്രത്ത് ആദമിന് മുമ്പിൽ മാലാഖമാർക്ക് **'സുജൂദ്'** ചെയ്യേണ്ടി വന്നു. ഹസ്രത്ത് ആദമിന്റെ ഖിലാഫത്ത് **'നൂബൂവ്വത്തി'**ന്റെ രീതിയിലുള്ളതായിരുന്നു.

പലർക്കും എന്നോട് പറയാം : “ ഖലീഫയും അഹ്മദിയ്യാ ജമാഅത്തിലെ വലിയ പണ്ഡിതന്മാരും താങ്കളോട് യോജിക്കുന്നില്ല.” എനിയ്ക്ക് അവരോട് പറയാനുള്ളത് ഇതാണ്. അവർ എത്ര വലിയ മഹാത്മാക്കൾ ആയിരുന്നാലും അവർക്ക് അല്ലാഹുവിനേക്കാൾ വലുതായിരുക്കാൻ കഴിയില്ല. അവർക്ക് മാലാഖമാരെക്കാൾ അധികം, അല്ലാഹുവിനെ സ്തുതിക്കുന്നവരും പ്രകീർത്തിക്കുന്നവരും ആകാൻ കഴിയുകയില്ല. മാലാഖമാർ അവരുടെ അനുസരണം കാട്ടി. ദൈവവിധിയിൽ പരിപൂർണ്ണമായി കീഴ്വണക്കം കാട്ടി. ഈ ഖുർആനിക വചനത്തിൽ “ ഭൂമിയിൽ കുഴപ്പം” സൃഷ്ടിക്കപ്പെടുന്നതിനെ പരാമർശിച്ചിരിക്കുന്നു. ഒരു പ്രവാചകൻ ‘തനിക്ക് ദൈവികവെളിപാടുകൾ ലഭിക്കുന്നു’ എന്ന് വാദിക്കുമ്പോൾ, ആ പ്രഖ്യാപനം അദ്ദേഹത്തിന്റെ സമൂഹത്തെ അമ്പരപ്പിക്കുന്നു. യഥാർത്ഥ ഇസ്ലാമിക അദ്ധ്യാപനങ്ങൾ കൈമോശം വന്നതും, സത്യവിരുദ്ധമായ സംഗതികൾ കൊണ്ട് പാപപങ്കിലവും, ആഡംബര പൂർണ്ണവും ഭോഗാസക്തവും സുഖലോലുപതയിൽ മുങ്ങിയതുമായ ജീവിതം തങ്ങൾ നയിച്ചു കൂട്ടുന്നുവെന്നതും, അവർ തിരിച്ചറിയുന്നു. അവർ ഭൂമിയിലെ ദൈവമായി തങ്ങളെ കരുതികൊണ്ടിരിയ്ക്കുന്നു, അല്ലാഹുവിന്റെ പ്രവാചകൻ അവരുടെ രഹസ്യങ്ങൾ പുറത്തുകൊണ്ടു വരുന്നു, അല്ലാഹു (ത) അദ്ദേഹത്തെ അറിയിക്കുന്ന മുറയ്ക്ക് അതവർ ഇഷ്ടപ്പെട്ടില്ല, കാരണം അവരെ ആരാധിച്ചുകൊണ്ടിരുന്നവർ അവരെ വിട്ടു പോകും. അവരൊക്കെ ഖലീഫത്തുല്ലായുടെ സംഘത്തിൽ ചേരുന്നത് സഹിക്കാതെ, അദ്ദേഹത്തെ എതിർക്കാനും ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വലിയവരെന്ന് സ്വയം കരുതുന്നവർ തയ്യാറാവുന്നു.

പ്രവാചകന്റെ ഭാഗത്ത് നിന്ന് ഒരിക്കലും ഫിത്ന (കുഴപ്പങ്ങൾ) ഉടലെടുക്കുകയില്ല. തീർച്ചയായും ഇല്ല. മറിച്ച്, പ്രവാചകന്മാർ എപ്പോഴും പ്രതിരോധത്തിന്റെ ഭാഗത്താണ്. പ്രവാചകന്റേയും സത്യവിശ്വാസികളുടേയും രക്തമാണ് ശത്രുക്കൾ ചീന്തപ്പെടുക അവർ ഒരിക്കയ്ലും വഴികേടിന്റെ മാർഗ്ഗം സ്വീകരിക്കുകയില്ല. അല്ലാഹുവിലും അവന്റെ ദൂതനിലും ഉള്ള വിശ്വാസം നിരാകരിയ്ക്കുന്നതിനു പകരം പീഢനങ്ങൾ ഏറ്റുവാങ്ങാനേ അവർ തയ്യാറാവുകയുള്ളൂ.

ഞാനുദ്ധരിച്ച സൂറത്തുന്നൂറിലെ വചനത്തിൽ, അവരുടെ ഭയത്തിനു ശേഷം അവർക്ക് സുരക്ഷയും സമാധാനവും നൽകപ്പെടും എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഈ വചനത്തിലൂടെ അല്ലാഹുവിന്റെ ദൂതനെ തിരിച്ചറിയാനുള്ള ഒരു അടയാളം അല്ലാഹു (ത) നൽകിയിരിക്കുന്നു. ജനങ്ങൾ മറന്നുപോയ ദൈവീക അദ്ധ്യാപനങ്ങളെക്കുറിച്ച് അവർക്ക് താക്കീത് നൽകുക. അല്ലാവിൽ നിന്നുള്ള മഹത്തായ അനുഗ്രഹങ്ങളെക്കുറിച്ച് സത്യവിശ്വാസികൾക്ക് സന്തോഷ വാർത്ത അറിയിക്കുക. അവരുടെ ഹൃദയത്തിൽ നിന്ന് അല്ലാഹുവിന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്ന വിധത്തിൽ, സത്യവിശ്വാസികളെ ദൈവീക പഥാവിൽ നയിക്കുക. ഇതൊക്കെയാണ് അടയാളങ്ങൾ. യഥാർത്ഥത്തിൽ, ഒരു പ്രവാചകൻ ശക്തിയാർജ്ജിക്കുന്നത് അല്ലാഹുവിൽ നിന്നാണ്. അവന്റെ സന്ദേശം ലോകത്ത് സ്ഥാപിക്കാൻ വാഗ്വിലാസം നേടുന്നതും അല്ലാഹുവിൽ നിന്നു തന്നെ. അല്ലാഹുവിന്റെ സഹായമില്ലാതെ ഒന്നും തന്നെ സംഭവിക്കുന്നതല്ല.

എല്ലാ വിധ അപകടങ്ങളേയും ബുദ്ധിമുട്ടുകളേയും സമാധാനവും സുരക്ഷയും ആക്കി മാറ്റി മറിക്കുന്നത് അല്ലാഹുവാണ്. ഇക്കാര്യത്തെപ്പറ്റി നന്നായി ചിന്തിക്കുക. ഹസ്രത്ത് മുഹമ്മദ് നബി (സ) സത്യസന്ദേശവുമായി പ്രചാരണത്തിനിറങ്ങിയത് ഏകനായിട്ടാണ്. ഒരു നയാ പൈസ അദ്ദേഹത്തിന്റെ കയ്യിൽ ഉണ്ടായിരുന്നില്ല. അറബികളാകട്ടെ, അദ്ദേഹത്തിന്റെ സന്ദേശത്തിൽ യാതൊരു താൽപര്യവും കാട്ടുകയുണ്ടായില്ല. മാത്രമല്ല, അവർ വളരെ ശക്തമായി അദ്ദേഹത്തെ എതിർത്തു. എന്നാൽ, നബി തിരുമേനി (സ) നിലകൊണ്ടത് അല്ലാഹുവിന്റെ കാര്യത്തിനു വേണ്ടിയായിരുന്നു. അദ്ദേഹത്തിന്റെ ശത്രുക്കൾ ഒരുപാടു ബുദ്ധിമുട്ടുകൾ സൃഷ്യിച്ചു, വേദനിപ്പിച്ചു. അദ്ദേഹത്തെ കൊല്ലാൻ വരെ പദ്ധതി തയ്യാറാക്കി. അദ്ദേഹത്തിനെതിൽ എന്തൊക്കെ പദ്ധതികൾ അവർ ആസൂത്രണം ചെയ്യാതിരുന്നില്ല. എന്നിട്ടും ആർക്കാണ് നഷ്ടം സംഭവിച്ചത് ? ലജ്ജാകരമായ രീതിയിൽ അവർ അദ്ദേഹത്തെ ആക്ഷേപിക്കാൻ പരിശ്രമിച്ചു. എന്നിട്ടും അദ്ദേഹം അവസാനം വിജയിച്ചു. ഏതൊരു നാട്ടിൽ നിന്നും അദ്ദേഹത്തെ അടിച്ചോടിചിചുവോ, ആ നാട് അദ്ദേഹത്തിനു മുന്നിൽ കീഴടങ്ങി. ആ നാട് തൗഹീദിൽ നിന്നും ഏറെ അകന്നു പോയിരുന്നു. മുഹമ്മദ് നബി (സ) തൗഹീദിന്റെസന്ദേശം പ്രചരിപ്പിച്ചു. അത് അവസാനം സ്വീകരിക്കപ്പെട്ടു.

ജനഹൃദയങ്ങളിൽ ദൈവ ഭയം ഉടലെടുത്തു. സമാധാനം സ്ഥാപിക്കപ്പെട്ടു.

അല്ലാഹുവിനാൽ എഴുന്നേൽപ്പിക്കപ്പെട്ട ഒരു ഖലീഫ–ഖലീഫത്തുല്ലാ–യുടെ കയ്യിൽ നിങ്ങൾ 'ബൈഅത്ത് ' ചെയ്യുമ്പോൾ, നിങ്ങൾ സംരക്ഷണത്തിനർഹനാവുന്നു, സുരക്ഷിതരാവുന്നു. നിങ്ങളുടെ ബലഹീനതകൾക്കിടയിലും ഇത് സംഭവിക്കുന്നു. ഇത് അല്ലാഹുവിൽ നിന്നുള്ള അത്ഭുതങ്ങളിൽ ഒന്നാണ്. അവന്റെ ഖലീഫത്തുല്ലായുടെ കയ്യിൽ ബൈഅത്തു ചെയ്യുന്നവരുടെ സഹായത്തിന് അല്ലാഹു (ത) വരുന്നു.

ജനഹൃദയങ്ങളിൽ മനുഷ്യരെക്കുറിച്ചുള്ള ഭയം ജനിക്കുകയും ദൈവസ്നേഹം മാഞ്ഞുപോവുകയും ചെയ്യുന്ന കാലം. എല്ലാ ഭാഗത്തും അജ്ഞതയുടെ അന്ധത പരക്കുന്നു. ജനങ്ങൾ ഭൗതീക സുഖങ്ങളിലും ആഢംബര ജീവിതത്തിലും ലയിക്കുന്നു. മതത്തിൽ നിന്നവർ തെന്നിയകലുന്നു. സ്വാർത്ഥതയും താൻപോരിമയും വളരുന്നു. അത്തരം സമയത്താണ് അല്ലാഹു (ത) ആത്മീയ നേതാവായി ജനങ്ങൾക്കിടയിൽ ഒരു ഖലീഫത്തുല്ലായെ എഴുന്നേൽപ്പിക്കുക. വിജയവും സുരക്ഷയും സംരക്ഷണവും സമാധാനവും ഖലീഫത്തുല്ലായുടെ കരങ്ങളിലാണ് ഉള്ളത്. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തെ നയിക്കുന്നതും അദ്ദേഹത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതും അല്ലാഹു ആകുന്നു. സത്യം വ്യാജത്തിനുമേൽ വിജയം പ്രാപിക്കുന്നു.

ഒരു ഖലീഫത്തുല്ല അദ്ദേഹത്തിന്റെ പ്രഖ്യാപനം നടത്തുമ്പോൾ, വളരെ കുറച്ചു പേർ മാത്രമേ അദ്ദേഹത്തെ അംഗീകരിക്കുകയും സഹായിക്കുകയും ചെയ്യുകയുള്ളൂ എന്നത് ഒരു സത്യമാണ്. ഇങ്ങനെ സ്വീകരിച്ചവർ തന്നെയും ചില ബുദ്ധിമുട്ടുകൾ നേരിടും. മറ്റുള്ളവരെപോലെ അവരും വളരെ സുഖകരവും ആഡംബരപൂർണ്ണവുമായ ജീവിതം നയിച്ചു വന്നതുകൊ് പുതിയ ശൈലി ഉൾകൊള്ളാൻ പ്രയാസം അനുഭവപ്പെട്ടേക്കും. ഒരു ഭക്ത ജീവിതം നയിക്കാൻ അവർ ഏറെ പരിശ്രമിക്കും എന്നതാണ് അവരെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുക.

ഖലീഫത്തുല്ലായ്ക്ക് 'റൂഹുൽ ഖുദ്സി'ന്റെ (പരിശുദ്ധാത്മാവ്) സഹായം ലഭിക്കുന്നു. അല്ലാഹു അയയ്ക്കുന്ന ഖലീഫയും മനുഷ്യർ തെരഞ്ഞെടുക്കുന്ന ഖലീഫയും തമ്മിലുള്ള പ്രധാന വ്യത്യാസം ഇവിടെയാണ്. അതുകൊണ്ട് തന്നെ അവർ രുപേരുടേയും സന്ദേശങ്ങളും ഉപദേശങ്ങളും വ്യത്യസ്തങ്ങളായിരിക്കും. അല്ലാഹുവിന്റെ ഖലീഫ വരുന്നത് ആത്മീയ വിപ്ലവത്തിലൂടെ പുതിയ ഒരു ലോകം സൃഷ്ടിക്കാനാണ്. ജനങ്ങളാകട്ടെ, സാമ്പ്രദായിക വിശ്വാസാചാരങ്ങളിൽ ലയിച്ചിരുക്കും. ഖലീഫത്തുല്ലായുടെ ശൈലിയുമായി ചേർന്നു പോകുന്നത് ബുദ്ധിമുട്ടായി അവർ കരുതും. അദ്ദേഹം ജനങ്ങളുടെ ഹൃദയ പരിവർത്തനത്തിനായി വിചിത്രവും വ്യത്യസ്തവും ആയ രീതികൾ തെരഞ്ഞെടുക്കുകയാണെന്ന് അവർ വിചാരിക്കും. അവർ ഒരു കാര്യം മറക്കുന്നു. ഓരോ കാലത്തും അവതരിക്കുന്ന പ്രവാചകന്മാരും സന്ദേശവാഹകരും പ്രവർത്തിക്കുന്നത് ദൈവീക നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. ജനങ്ങൾ പൊതുവിൽ ഈ കാര്യങ്ങൾ നേരെ മനസ്സിലാക്കുന്നില്ല. അവർ ചിന്താ കുഴപ്പത്തിൽ ചാടുന്നു. മഹാ പണ്ഡിതന്മാരും മതവൈജ്ഞാനികരും വരെ ഖലീഫത്തുല്ലായുടെ ലക്ഷ്യങ്ങൾ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. അവർക്ക് അങ്ങനെ ഈമാൻ നഷ്ടമാകുന്നു. വെളിപാടിന്റെയും പ്രവാചകത്വത്തിന്റെയും വാതിലുകൾ അവർ കൊട്ടിയടയ്ക്കുന്നു.

അല്ലാഹുനിൽ നിന്ന് വന്ന ഒരാളെ തിരിച്ചറിയാൻ ഭാഗ്യം സിദ്ധിച്ചവരാണ് നിങ്ങൾ. നിരവധി അടയാളങ്ങൾ അദ്ദേഹത്തിന്റെ വാദഗതിയെ ശരി വയ്ക്കുന്നതായി വെളിപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ അധൈര്യപ്പെടരുത്, വിഷമിക്കരുത്. മറ്റൊരു തരത്തിലും വ്യാകുല ചിത്തരാവരുത്. പരിശുദ്ധാത്മാവിൽ നിന്ന് അദ്ദേഹത്തിനു നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ട് എന്നു നിങ്ങൾ ശരിക്കും വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ ചെയ്യേണ്ടത് അദ്ദേഹത്തിന്റെ വാക്കുകൾക്ക് ചെവികൊടുക്കുക മാത്രമാണ്. നിങ്ങൾ ഒരു തരത്തിലും വ്യാകുല ചിത്തരാവരുത്, അദ്ദേഹത്തെ അനുസരിക്കുക. അദ്ദേഹം ജനങ്ങളെ തെറ്റായ വഴികളിൽ നയിക്കുകയാണെന്ന് നിങ്ങൾ വിചാരിക്കുന്നത് ശരിയാണെങ്കിൽ, ഓർക്കുക, ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹു അദ്ദേഹത്തിൽ നിന്ന് നീക്കികളയും. അദ്ദേഹത്തിന് നാളെ കണക്കു ബോധിപ്പിക്കേണ്ടിവരും. ഒരു സാധാരണ വ്യക്തിയെ അപേക്ഷിച്ച്, രണ്ടോ മൂന്നോ ഇരട്ടി ശിക്ഷയും അദ്ദേഹം ഏറ്റുവാങ്ങേണ്ടി വരും.

ഒരു ഖലീഫത്തുല്ലായും മറ്റുതരം ഖലീഫമാരും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതാണ്. ഖലീഫത്തുല്ല ഭയചകിതമായ അവസ്ഥയെ മാറ്റി സമാധാനം കൊണ്ടുവരും. അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പ്രവർത്തിക്കുന്നതുകൊണ്ട്, ജനങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയുമായി ചേർന്നു പോകാൻ ബുദ്ധിമുട്ടുണ്ടായേക്കും. അത്തരം ആളുകൾ ഖലീഫത്തുല്ലായിൽ നിന്നും അകന്നു പോകും. അവർ കപടവിശ്വാസികളായി മാറും. പിന്നീട് അവർ മുർത്തദ് (മതനിരാശകർ) ആയിത്തീരും.

## മതജീർണ്ണത–ഒരു ചരിത്രസത്യം

ഹസ്രത്ത് മുഹമ്മദ് നബി (സ) മരണപ്പെട്ടപ്പോൾ, മുസ്ലീംങ്ങൾ പല പ്രശ്നങ്ങളും നേരിടേണ്ടി വന്നു. അപ്പോൾ അവരിൽ ചിലർ കപടവിശ്വാസികളും, പിന്നീട് മുർത്തദ്ദുകളും ആയി തീർന്നു. മുസ്ലീംങ്ങൾ, അവർക്കിടയിൽ തന്നെ ഭയങ്കര കുഴപ്പങ്ങൾ സൃഷ്ടിച്ചു. ഓരോ ഗോത്രവും ഖലീഫ തങ്ങളിൽ നിന്നു വരണമെന്നു ആഗ്രഹിച്ചു. ഹസ്രത്ത് മുഹമ്മദ് നബി (സ) യ്ക്ക് ശേഷം ഒന്നാം ഖലീഫയായ ഹസ്രത്ത് അബൂബക്കർ സിദ്ദിഖ് (റ) ന്റെ കാലത്താണ് ഈ സംഭവങ്ങൾ അരങ്ങേറിയത്. ഇസ്ലാമിന്റെ ഈ അവസ്ഥയിൽ, അദ്ദേഹം വളരെയേറെ വിഷമിക്കുകയും വേദനയനുഭവിക്കുകയും ചെയ്തു. തന്റെ നാഥന്റെ മുമ്പാകെ അദ്ദേഹത്തിന്റെ കണ്ണുനീർ ധാരധാരയായി ഒഴുകി. മുസ്ലീംങ്ങളുടെ അഭിവൃദ്ധിയ്ക്ക് വേണ്ടി അദ്ദേഹം ഒരുപാട് പ്രാർത്ഥനകൾ നടത്തുകയുണ്ടായി. ഹസ്രത്ത് ആയിശ സിദ്ദീഖ് (റ) ഒരിയ്ക്കൽ പറഞ്ഞു: " ഖിലാഫത്ത് സ്ഥാനം അദ്ദേഹത്തിന്റെ കൈകളിലെത്തിയപ്പോൾ, അല്ലാഹു (ത) ഖിലാഫത്തിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിൽ ഏൽപിച്ചപ്പോൾ, അദ്ദേഹത്തിനെതിരിൽ വിപ്ലവം നയിക്കാൻ ഒരുപാട് ഗോത്രങ്ങൾ മുന്നോട്ടു വന്നു. ഈ പ്രശ്നങ്ങളെല്ലാം ഒരു മലയ്ക്കു മുകളിൽ വീണിരുന്നതെങ്കിൽ, അത് ഛിന്നഭിന്നമായി പോകുമായിരുന്നു." അല്ലാഹു (ത) മാത്രമേ, അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നുള്ളൂ. എല്ലാ പ്രശ്നങ്ങൾക്കും എതിരിൽ സംരക്ഷകനായി അല്ലാഹു (ത) ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭയവും വ്യസനവും എല്ലാം സമാധാനത്തിനും സുരക്ഷയ്ക്കും വഴിമാറി. അല്ലാഹുവിന്റെ ദീൻ വളരെ ശക്തമായ നിലയിൽ സ്ഥാപിതമായി.

അതുകൊണ്ട്, മതം ജീർണ്ണത ബാധിക്കില്ലെന്ന് നമ്മുക്ക് പറയാൻ കഴിയില്ല. എല്ലാ മഹദ് മതങ്ങളും ഈ പ്രശ്നങ്ങൾ മുമ്പ് അഭിമുഖീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഇസ്ലാമും. അല്ലാഹു (ത) താൻ തന്നെ സ്ഥാപിച്ച മതമാണത്. ഖാത്തമുന്നബിയ്യീൻ (ശ്രേഷ്ട പ്രവാചകൻ) നമുക്കിടയിൽ ഉണ്ടായിരുന്നു. എന്നിട്ടും ഇന്നത്തെ അവസ്ഥയെന്താണ്.? മുസ്ലീംങ്ങളും മത ജീർണ്ണതയിൽ നിന്നു ഒഴിവാക്കപ്പെട്ടില്ല, എന്നു മാത്രമല്ല ഇന്നത്തെ കാലത്ത്, ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ സമുദായത്തിൽ, എല്ലാതരത്തിലും ഉൾപ്പെടുത്താവുന്ന– നാമധാരികളായ– മുസ്ലീംകളെയും നിങ്ങൾക്ക് കാണാൻ കഴിയും.

ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ വരവ് ഏകദേശം 115 വർഷങ്ങൾക്ക് മുമ്പായിരുന്നു. അഹ്മദിയ്യാ ജമാഅത്തിൽ ഒരു സമുദായവും ലയിച്ചു ചേർന്നിട്ടില്ല. ശരിയാണ്, മറ്റു മുസ്ലീംങ്ങൾ അഹ്മദിയ്യത്തിനെ മനസ്സിലാക്കി ആശ്ലേഷിക്കാൻ തയ്യാറായിട്ടുണ്ട്– ഒറ്റയ്ക്കും തെറ്റയ്ക്കും, എന്നാൽ ഒരു മുഴുവൻ സമുദായവും ആയിട്ടല്ല. ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലേക്ക് ഏതെങ്കിലും ഒരു മുസ്ലീം വിഭാഗം, ബാക്കി എല്ലാം ഉപേക്ഷിച്ച്, പൂർണ്ണമായും ലയിച്ചു ചേരാൻ തയ്യാറായ ഒരു സംഭവമെങ്കിലും നമ്മൾക്ക് പറയാനുണ്ടോ ? തുറന്നു പറഞ്ഞാൽ, എനിക്കറിയില്ല, ഞാൻ ഒരിക്കലും അത്തരം ഒരു സംഭവം നടന്നതായി കേട്ടിട്ടില്ല. നിങ്ങൾ എപ്പോഴെങ്കിലും അറിയാൻ ഇടയായാൽ, ദയവായി എന്നെ അറിയിക്കുക. ഞൻ ഈ അപേക്ഷ വയ്ക്കുന്നത് മുഴുവൻ ലോകത്തോടുമാണ്.

പുരോഗതിയുടെ അഗ്രിമസ്ഥാനത്ത് എത്തുന്നതെല്ലാം പിന്നീട് അധോഗതിയെ അഭിമുഖീകരിക്കുന്നു. സൂര്യനുദിച്ച്, കുറേ കഴിയുമ്പോൾ അത് അസ്തമിക്കുന്നു. ഖിയാമത്ത് അഥവാ അന്ത്യനാൾ ആണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നതെന്നു കരുതരുത്. എന്നാൽ, ഓർക്കുക.

ഒരു ജമാഅത്തിന്റെ തലവൻ അംഗങ്ങൾക്കിടയിൽ അനീതിയെ സ്ഥാപനവൽക്കരിക്കുമ്പോഴാണ് ഏറ്റവും വലിയ ഖിയാമത്ത് ഉണ്ടാവുക. അദ്ദേഹം അഹന്തയോടെ സംസാര്ക്കും, തന്റെ മേധാവിത്വം പ്രദർശിപ്പിക്കും, തന്റെ നിയന്ത്രണാധികാരം ഉപയോഗിച്ച് ജനങ്ങളെ ലജ്ജിതരാക്കി താഴ്ത്തി കെട്ടും. അവരെ ഭീഷണിപ്പെടുത്തി– ജമാഅത്തിൽ നിന്നും പുറത്താക്കുമെന്ന് അറിയിച്ചു കൊണ്ട് ഭയചകിതരാക്കി, വേദനയിലാഴ്ത്തും. ഇത് ആ ജമാഅത്ത് എത്തിച്ചേർന്നിരിക്കുന്ന അധഃപതനത്തെയാണ് കാണിക്കുന്നത്. ഒരുതരം ഖിയാമത്ത് തന്നെ. അത്തരം സന്ദർഭത്തിലാണ്, അവരുടെ യഥാർത്ഥ മുഖം മറനീക്കി പുറത്തു വരിക. അവർ സത്യവിശ്വാസികളെ പീഡിപ്പിക്കും.

വിശുദ്ധ ഖുർആനിലേക്ക് തിരിയുക. അല്ലാഹു (ത) ഹസ്രത്ത് ദാവൂദ് (അ) നോട് കൽപിച്ചു. “അല്ലയോ ദാവൂദ് ഞാൻ നിന്നെ ഭൂമിയിൽ ഒരു ഖലീഫ ആക്കിയിരിക്കുന്നു,. അതു കൊണ്ട് ജനങ്ങൾക്കിടയിൽ നീതിപൂർവ്വം വിധികൽപിക്കുക. സ്വാർത്ഥതയുടെ പിന്നാലെ പോകരുത്, അങ്ങനെ ചെയ്യുന്നത് അല്ലാഹുവിന്റെ പാതയിൽ നിന്നകറ്റി കളയും. തീർച്ചയായും, അല്ലാഹുവിന്റെ പാതയിൽ നിന്നും ആർ അകന്നുപോകുന്നുവോ, അവർക്ക് ഒരുക്കി വച്ചിരിക്കുന്ന ശിക്ഷ ലഭിക്കുന്നതാണ്, എന്തു കൊണ്ടെന്നാൽ അവർ വിധിനിർണ്ണായക ദിനത്തെ മറന്നു കളഞ്ഞു. ” (സൂറഃഅസ്വാദ്, 38:27)

ഹൃദയത്തിന്റെ കണ്ണാടിയെ അഴുക്കു പുരളാതെയും തുരുമ്പു പിടിക്കാതെയും വൈകാരിക ആവേശങ്ങൾക്കടിപ്പെടാതെയും സൂക്ഷിക്കണം. അല്ലെങ്കിൽ മാർഗ്ഗ ദർശനത്തിന്റെ പ്രകാശം ലഭിക്കുന്നതിൽ നിന്നും നിങ്ങൾ നിങ്ങളെത്തന്നെ തടഞ്ഞുകളയും. അത്തരം ഒരു ഹൃദയത്തിൽ അല്ലാഹു (ത) ഒരിയ്ക്കലും തന്റെ പ്രകാശം കാട്ടുകയില്ല. അതാണ് ഈ വചനത്തിന്റെ അർത്ഥം.

## ഖലീഫത്തുല്ലായുടെ സ്ഥാനമാനം

മനുഷ്യൻ അവന്റെ ഹൃദയത്തെ ദോഷപ്രവണമായ ആത്മാവിന്റെ (‘നഫ്സെ അമ്മാറ’) പിടിയിൽ നിന്നു മോചിപ്പിക്കുകയും വൈകാരികാവേശങ്ങളെ ത്യജിക്കുകയും അധാർമ്മികതയുടെ തുരുമ്പു പിടിക്കാതെ പൂർണ്ണത കൈവരിക്കുകയും ചെയ്യുമ്പോഴാണ് അല്ലാഹു (ത)യുടെ തെരഞ്ഞെടുപ്പിനു അർഹനാവുന്നത്. അവനെ ‘ഖലീഫത്തുല്ലാ’യെന്ന പദവി നൽകി അല്ലാഹു എഴുനേൽപ്പിക്കുന്നു, ആ കാലഘട്ടത്തിലെ ആദം ആയി നിയമിക്കപ്പെടുന്നു അവൻ.

ഖലീഫത്തുല്ല മനുഷ്യർക്കിടയിൽ അദൃശ്യമായ ഒരു പ്രകാശ വിളക്കാകുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു സ്ഫടിക കണ്ണാടി കൂടുണ്ട്. അതിനാൽ അദ്ദേഹത്തിന് ദൈവീക പ്രകാശം സ്വീകരിക്കാൻ കഴിയുന്നു. അദ്ദേഹത്തിന്റെ ഹൃദയം പ്രതിനിധാനം ചെയ്യുന്നത് ജ്ഞാന പ്രഭ ചൊരിയുന്ന സ്വർഗ്ഗീയ ദീപത്തെയാണ്. ഹൃദയ കണ്ണാടിയിൽ സ്ഥിതി ചെയ്യുന്ന ആത്മാവ് എണ്ണയാൽ അഭൗമീക പ്രകാശം പരത്തുന്നു. ആ എണ്ണയാകട്ടെ ജ്ഞാന രശ്മികളെ ഉദ്ദീപിക്കാൻ കഴിയുന്നതത്രെ. അല്ലാഹുവിന്റെ പ്രകാശ കിരണങ്ങൾ അദ്ദേഹത്തെ സ്പർശിക്കുന്നു. അപ്പോൾ മനുഷ്യന്റെ വിചാര ധാരകൾക്കപ്പുറത്ത്, അദ്ദേഹത്തിന് ദിവ്യജ്ഞാനം ലഭ്യമാകുന്നു.

മനുഷ്യന്റെ ഹൃദയകണ്ണാടിയിൽ അല്ലാഹു (ത) ഒരു അദൃശ്യ പ്രകാശ വിളക്ക് സ്ഥാപിച്ചിരിക്കുന്നു. അവിടെയാണ്. ‘അൽകാഫി’യെന്ന അത്ഭുത രഹസ്യ ചെപ്പ് സ്ഥിതിചെയ്യുന്നത്. അല്ലാഹു (ത) അവന്റെ ഒരു ഖലീഫയെ ഭൂമിയിൽ അയയ്ക്കാൻ തീരുമാനിക്കുമ്പോൾ, അവന്റെ സൗന്ദര്യത്തിന്റെയും പ്രാതാപത്തിന്റേയും പ്രാകാശം അവൻ അവതരിപ്പിക്കുന്നു. അപ്പോൾ മനുഷ്യ ഹൃദയത്തിൽ കുടികൊള്ളുന്ന രഹസ്യ വിളക്ക് പ്രകാശം പരത്തുന്നു. ജ്ഞാനപ്രകാരം ഉദ്ദീപിക്കപ്പെടുന്നു. ഈ പ്രകാശ ധാര കൂടാതെ, മനുഷ്യചിന്തയ്ക്ക് ഒരിക്കലും ആ പരമാർത്ഥ സത്തയെക്കുറിച്ചുള്ള ജ്ഞാനം ലഭ്യമാവുകയില്ല. ബുദ്ധിയുടെ പ്രകാശത്തിനു മേൽ ദൈവീക ജ്ഞാന പ്രകാശം എത്തിച്ചേരുന്നു. അല്ലഹു (ത) ഈ പ്രകാശം സ്വീകരിക്കാൻ ആരെയാണോ തെരഞ്ഞെടുത്തിരിക്കുന്നത് അവർ പ്രകാശത്തിലേക്ക് നയിക്കപ്പെടുന്നു. അങ്ങനെ ആ ഹൃദയ വിളക്ക്, അല്ലാഹുവിന്റെ പ്രകാശം ഭൂമിയിലെത്തിക്കുന്നു.

ആ മനുഷ്യർ ഭൂമിയിൽ 'ഖലീഫത്തുല്ലാ'യായി മാറുന്നു. ദൈവീക പ്രകാശത്തെ ഖലീഫത്തുല്ല അവതരിപ്പിക്കുന്നത് തന്റെ സ്വഭാവ വൈശിഷ്ട്യത്തിലൂടെയാണ്. അർഹതപ്പെട്ടവർക്ക് നീതിയും കരുണയും ദയയും അവകാശമായി ലഭിയ്ക്കും. അതേ സമയം വേണ്ട സന്ദർഭത്തിൽ, അദ്ദേഹം ധൈര്യം, സ്ഥൈര്യം, കോപം, താക്കീത് നൽകൽ തുടങ്ങിയ ഗുണങ്ങളും പകടമാക്കും. ഒരു പ്രവാചകന്റേയും അദ്ദേഹത്തിന്റെ അനുചരന്മാരുടേയും സ്വഭാവസവിശേഷതയെപ്പററി അല്ലാഹു (ത) നമ്മെ അറിയിച്ചിരിക്കുന്നു. "മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിനോടൊപ്പമുള്ളവർ അവിശ്വാസികൾക്കെതിരിൽ കാഠിന്യമുള്ളവരും പരസ്പരം കാരുണ്യത്തോടെ വർത്തിക്കുന്നവരും ആണ്. " (സൂറ അൽ ഫത്ഹ് 48:30)

## 'ഖുദ്റത്തെ സാനിയ'യും ഇസ്ലാമിക ഖിലാഫത്തും

ഇനി നമുക്ക് ഈ വിഷയത്തെ സംബന്ധിച്ച്, ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. തന്റെ "ശഹാദത്തുൽ ഖുർ ആൻ " എന്ന ഗ്രന്ഥത്തിൽ, "ഖുദ്റത്തെ സാനിയ" ദ്വിതീയ സക്തി പ്രഭാവം ശാശ്വതമാണെന്നും അത് ഖിയാമത്ത് നാൾ വരെ നിലനിൽക്കുമെന്നും വാഗ്ദത്ത മസീഹ് (അ) അഭിപ്രായപ്പെടുകയുായി. ഖുദ്റത്തെ സാനിയ കൊണ്ടുദ്ദേശിക്കപ്പെടുന്നത് ഖിലാഫത്താകുന്നു. റസൂൽ തിരുമേനിയുടെ ഖലീഫയായിരുന്ന ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ വീക്ഷണത്തിൽ, ഹസ്രത്ത് മുഹമ്മദ് നബി (സ) യെ പിന്തുടർന്നു വന്ന നാലു സച്ചരിതരായ ഖലീഫമാരും പിന്നീട് അവതരിച്ച മുജദ്ദിദുമാരും ഖുദ്റത്തെ സാനിയയിൽ ഉൾപ്പെടുന്നു.

ഹസ്രത്ത് മുഹമ്മദ് നബി (സ) യെ പിന്തുടർന്നു വന്ന നാലു സച്ചരിതരായ ഖലീഫമാർ ഖുലാഫാഉർറാഷീദിൻ നബിതിരുമേനി തുടങ്ങി വച്ച മഹത്തായ കാര്യങ്ങളുടെ തുടർ നടത്തിപ്പിനായി അവശ്യം വേണ്ട ഒരുപാട് കാര്യങ്ങൾ തുടർന്നുകൊണ്ട് പോകുന്നതിനായി മുജദ്ദിദുമാർ എഴുന്നേൽപിക്കപ്പെട്ടു. ഖിയാമത്തുനാൾ വരെയും ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ എഴുന്നേൽപ്പിക്കപ്പെടുമെന്ന് മുസ്ലീംങ്ങൾ കക്ഷി ഭേദമന്യേ വിശ്വസിക്കുന്നു. ഖിലാഫത്തെ അഹ്മദിയ്യാ ശാശ്വത മായി നിലകൊള്ളുമെന്ന് മസീഹ് മൗഊദ് (അ) ഒരു പുസ്തകത്തിലും എഴുതിയിട്ടില്ല. ശാശ്വതമായി നിലകൊള്ളുമെന്ന് അദ്ദേഹം പറഞ്ഞത് രണ്ടു കാര്യങ്ങളാണ്. 'ഖുദ്റത്തെ സാനിയ' യും ഇസ്ലാമിക ഖിലാഫത്തും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, 'ഖുദ്റത്തെ സാനിയ' യിൽ ഖിലാഫത്തും ഉൾപ്പെടുന്നു. ഹസ്രത്ത് മസീഹ് മൗഊദ് (അ) 'ഖുദ്റത്തെ സാനിയ'യെ ഉപമിച്ചത് ഇസ്ലാമിലെ ആദ്യ ഖലീഫയായ ഹസ്രത്ത് അബൂബക്കർ സിദ്ദീഖ് (റ) തുടങ്ങിവച്ച ഖുദ്റത്തിനോടാണ്. ചുരുക്കത്തിൽ, വാഗ്ദത്തമസീഹ് (അ) ഖുദ്റത്തെ സാനിയയെ ഇസ്ലാമിക ഖിലാഫത്തിനോടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്.

പ്രാവാചകനെ പിന്തുടർന്നു വന്ന ഖലീഫമാരേയും മുജിദ്ദിദീങ്ങളേയും ഉൾപ്പെടുത്തിയാണ് ഹസ്രത്ത് മസീഹ് മൗഊദ് (അ), ഇസ്ലാമിക ഖിലാഫത്തിനെ നിർവ്വചിക്കുകയുണ്ടായത്. ഹസ്രത്ത് മുഹമ്മദ് നബി (സ) വിശുദ്ധ ഖുർ ആനിലൂടെ കൊണ്ടുവന്നിട്ടുള്ള മത പാഠങ്ങൾ മാനവരാശിക്ക് കൈമോശം വരുമ്പോഴെല്ലാം അവ തിരിച്ചു പിടിക്കുവാനും പുനരുദ്ധരിക്കുവാനും, ഖിയാമത്ത് നാൾവരേയും, നബിതിരുമേനിയുടെ ഖിലാഫത്ത് തുടരേണ്ടതുണ്ട്. ഈ പാഠങ്ങളെല്ലാം പുനരുദ്ധരിക്കപ്പെടുക മനുഷ്യരിലൂടെ തന്നെയാണ്. മുജദ്ദിദുമാരുടെ ആവശ്യം നേരിടുമ്പോഴെല്ലാം അവർ അവതരിച്ചുകൊണ്ടിരിക്കും എന്നും ഹസ്രത്ത് മസീഹ് മൗഊദ് (അ) അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേശ നിർദ്ദേശങ്ങൾ നിങ്ങൾ ചവിട്ടിമെതിയ്ക്കരുത്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ മാത്രം അനുസരിച്ച് ബാക്കി ഉപേക്ഷിച്ചു കളയുന്ന രീതി ശരിയല്ല. നിങ്ങൾക്കിടയിൽ ഒരു ഖലീഫത്തുൽ മസീഹ് ഉണ്ട് എന്നു കരുതി തൃപ്തിയടയുക മാത്രമാണ് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. ആ രീതിയിൽ ചിന്തിക്കാൻ പാടില്ല. അന്ധരും ബധിരരും ആയി അഭിനയിക്കാതിരിക്കുവിൻ. നിങ്ങൾ ശിലാഹൃദയരായി മാറിയിരിക്കുന്നു. ഒരു കാര്യം മനസ്സിലാക്കുക. നിങ്ങൾ ഇന്ന് ഒരു ഖലീഫത്തുൽ മസീഹ് – നെ മുന്നിൽ നിർത്തി, അഹ്മദിയ്യാ

ജമാഅത്തിൽ അണിചേർന്നിരിയ്ക്കുന്നു. അല്ലാഹുവിന്റെ ദൂതനും മുജദ്ദിദും ആയി ഹസ്രത്ത് മസീഹ് മൗഊദ് (അ) മുമ്പ് അവിടെ ഉണ്ടായിരുന്നു. അല്ലാഹു (ത) അദ്ദേഹത്തിനു വെളിപാടുകൾ ഇറക്കി. അദ്ദേഹം എല്ലാ മതങ്ങൾക്കും വേണ്ടിയുള്ള ആൾ ആയിരുന്നു. ഖലീഫത്തുൽ മസീഹിന്റെ വാതിൽ അടയ്ക്കപ്പെട്ടേക്കാം. എന്നാൽ മുജദ്ദിദിയ്യത്തിന്റെയൊ പ്രവാചകത്വത്തിന്റെയോ വാതിൽ ഒരിയ്ക്കസും അടയ്ക്കപ്പെടുകയില്ല.

## മൗലാനാസിദ്ദീഖിയുടെ വിചിത്രവാദം

ഒരു മുജദ്ദിദ് വരുന്നത് അല്ലാഹുവിൽ നിന്നാണ്, മനുഷ്യരിൽ **നിന്നല്ല. മൗലാനാ ശാ** അഹ്മദ് നൂറാനി സിദ്ദീഖി, പതിനഞ്ചാം നൂറ്റാണ്ടിലെ പുനരുദ്ധാരകനാണെന്ന് അഭിനയിക്കുകയുണ്ടായി. പ്രാവാചകത്വത്തിന്റെ വാതിൽ താൻ തന്നെ കൊട്ടിയടച്ച ശേഷം, അദ്ദേഹം എന്തടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പ്രഖ്യാപനം നടത്തി, സ്വയം അങ്ങനെ അറിയപ്പെടാൻ തീരുമാനിച്ചത്. എന്നുമാത്രമല്ല, അല്ലാഹു (ത)വെളിപാടുകൾ ഇറക്കുന്ന രീതി നിർത്തി എന്നും അവന്റെ ഇഷ്ട ദാസരോടു പോലും സംസാരിക്കുകയില്ലെന്നും അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ പ്രഖ്യാപനത്തിൽ മുജദ്ദിദ് ആണെന്നു വ്യക്തമായി വാദിച്ചിരിക്കുന്നു. ഖാഇദെ – അഹ്ലുസുന്നത്ത് പീറോമുർഷിദ്, ഖാഇദെ മില്ലത്ത് ഇസ്ലാമിയ, റഹ്ബാറെ ശരിഅത്ത്, മുജദ്ദിദെ വഖ്ത് തുടങ്ങിയ സ്ഥാനപ്പേരുകൾ വിവിധ കക്ഷി നേതാക്കൾ അദ്ദേഹത്തിന് ചാർത്തികൊടുത്തിരിയ്ക്കുന്നു. പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് ആണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് അടയാളമെന്തെങ്കിലും ലഭിച്ചുവോ, വെളിപാടു ഇറങ്ങുകയുണ്ടായോ അദ്ദേഹത്തെ പ്രശംസിച്ച് സംസാരിച്ച വ്യക്തികളുടെ വാക്കുകൾ കേട്ട്, അദ്ദേഹം സ്വയം തീരുമാനിക്കുകയായിരുന്നുവോ ? ഈ നൂറ്റാണ്ടിലെ മുജദ്ദിദ് ആണ് താനെന്ന് അദ്ദേഹം എന്തടിസ്ഥാനത്തിൽ വാദിച്ചു എന്നു നമുക്കറിയില്ല. അദ്ദേഹത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം എവിടെ ?ആ പ്രസ്താവനയെപ്പറ്റി മറ്റു മുസ്ലീംങ്ങളുടെ അഭിപ്രായം എന്താണ്. ? ഈ രീതിയിലുള്ള വാദഗതിയെ അവർ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുമോ?

എന്റെ സഹോദരീ സഹോദരന്മാരോട് ഒരു ചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു മൗലാനാ ശാ അഹ്മദ് നൂറാനി സിദ്ദിഖി പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് ആണെങ്കിൽ, പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിലെ മുജദ്ദിദുമാർ ആരൊക്കെയായിരുന്നു ? **അദ്ദേഹത്തിന്റെ പുത്രനോ മറ്റാരെങ്കിലുമോ ഇക്കാര്യം വ്യക്തമാക്കുമോ ?** പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ മുജദ്ദിദുമാർ വന്നിരിയ്ക്കും എന്നകാര്യം അംഗീകരിക്കാതെ അദ്ദേഹത്തിന് പതിനഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് താനാണെന്ന് വാദിക്കുവാൻ കഴിയുകയില്ല. അവരെ ഒഴിവാക്കിയിട്ട് ഇക്കാലത്തെ മതപുനരുദ്ധാരകൻ താനാണെന്ന് വാദിക്കുവാൻ കഴിയുകയില്ല.

## മുജദ്ദിദീയത്ത് ഒരു ശാശ്വത സ്ഥാപനം

നമുക്ക് പ്രധാന വിഷയത്തിലേക്ക് തിരിച്ച് വരാം. ഖലീഫത്തുൽ മസീഹ്– അഹ്മദിയ്യാ ഖിലാഫത്ത് – ശാശ്വതമായ ഒരു സ്ഥാപനമല്ല. എന്നാൽ, ഹസ്രത്ത് മസീഹ് മൗഊദ് (അ) വ്യക്തമാക്കിയതു പോലെ, പ്രവാചകത്വത്തിന്റെ വാതിൽ ഒരിയ്ക്കലും അടയ്ക്കപ്പെടുന്നില്ല. മൽഫൂസാത്ത്, 7–ാം വാല്യം 119 –ാം പേജിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംബവം കേൾക്കുക. 1905 സെപ്റ്റംബർ 24–ാം തീയതി. ഒരാൾ ഹസ്രത്ത് മസീഹ് മൗഊദ് (അ) നോട് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലശേഷവും ഒരു മുജദ്ദിദ് വരുമോ ? ഹസ്രത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ മറുപടി പറഞ്ഞു. എനിക്കുശേഷവും ഒരു മുജദ്ദിദു വരേണ്ടതുണ്ടെങ്കിൽ, അതിലെന്താണ് തെറ്റ് ? മൂസാനബി (അ) യുടെ ഖിലാഫത്ത്, ഈസാനബി (അ) യുടെ വരവോടെ അവസാനിച്ചു. എന്നാൽ ഹസ്രത്ത് മുഹമ്മദ് നബി (സ) യുടെ ഖിലാഫത്ത് അന്ത്യനാൾ വരേയും തുടരും.

അതുകൊണ്ട്, നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. അല്ലാഹു (ത) അവന്റെ മുജദ്ദിദുമാരെ, അന്ത്യനാൾ വരേയും എഴുന്നേൽപ്പിച്ചു കൊണ്ടിരിക്കും. ധർമ്മിഷ്ഠരും ഭയഭക്തരും ആയ തന്റെ ദാസൻ മാർക്കിടയിൽ അല്ലാഹു (ത) അവന്റെ പ്രവാചകനേയോ മുജദ്ദിദ്നേയോ എഴുന്നേൽപ്പി ക്കുമെന്നും അവരോട് അവൻ സംസാരിക്കുമെന്നും ഉള്ള വസ്തുതയെ നമ്മുക്ക് നിഷേധിക്കാനാ വില്ല.

ഒരു പരിഷ്കർത്താവോ മതപുനരുദ്ധാരകനോ എഴുന്നേൽപ്പിക്കപ്പെടുകയില്ലെന്ന് നിങ്ങൾ കരുതുന്നുവോ ? താക്കീതുകാരനായി ഒരാളെ അയ്ക്കാതെ ഒരു ജനതയെയും അല്ലാഹു (ത) ശിക്ഷിക്കുകയില്ലെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) വ്യക്തമാക്കിയിട്ടില്ലേ ? അവനിഷ്ടപ്പെട്ട വരെ അവൻ തെരഞ്ഞെടുത്ത് അയച്ചുകൊണ്ടേയിരിക്കും. മനുഷ്യരല്ല അക്കാര്യം തീരുമാനിക്കു ക. പ്രത്യേകിച്ചും, ഇസ്ലാമിക പാഠങ്ങൾ മുഴുവൻ അവരുടെ ചെളിപറ്റിയ കാലുകൾക്കടിയിൽ ചവിട്ടിയരയ്ക്കപ്പെടുമ്പോൾ.

അല്ലാഹു (ത) അവന്റെ അദ്ധ്യാപനങ്ങൾ, കാറ്റിൽ പറത്തപ്പെടാൻ അനുവദിക്കുമെന്ന് നിങ്ങൾ കരുതുന്നുവോ ? അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു : " എപ്പോഴെല്ലാം എന്നിൽ നിന്നുള്ള മാർഗ്ഗദർശനം നിങ്ങൾക്കെത്തിച്ചേരുന്നുവോ, അപ്പോൾ ആര് എന്റെ മാർഗ്ഗ ദർശത്തെ പിന്തുടരുന്നുവോ, അവർ ഭയപ്പെടുകയില്ല, അവർ വ്യസനിക്കുകയില്ല" (2:39)

ഹസ്രത്ത് മസീഹ് മൗഊദ് (അ) തന്റെ 'ശഹാദത്തുൽ ഖുർആൻ' എന്ന ഗ്രന്ഥത്തിൽ, 46-ാം പേജിൽ, ഇങ്ങനെ പ്രസ്താപിച്ചു. ഓരോ നൂറ്റാണ്ടിലും, ഇസ്ലാമികാദ്ധ്യാപനങ്ങൾ, അതിന്റെ എല്ലാ വശങ്ങളോടെയും, സംരക്ഷിക്കപ്പെടും. അല്ലാഹുവിന്റെ ശക്തിയുമായിട്ടാണ് മുജദ്ദിദുമാർ വരിക. ചെകുത്താനിക സ്വാധീനങ്ങൾക്ക് വശംവദരായിത്തീർന്ന ജനതയെ പരിഷ്കരിക്കുന്നതി നാവശ്യമായ ബൗദ്ധിക കഴിവുകളും ഗുണങ്ങളും അദ്ദേഹത്തിനു നൽപ്പെടും,. ചെകുത്താന്റെ പാത പിന്തുടരുന്ന മനുഷ്യൻ ഘോരാന്ധകാരത്തിൽ ആയിരിക്കും.

ഈ കാലത്തേയ്ക്കുള്ള ഖലീഫത്തുല്ലയെന്ന നിലയിൽ, ഞാൻ ഒരു കാര്യം പ്രസ്താപിച്ചു കൊള്ളട്ടെ അല്ലാഹു (ത) വാണ് ഹൃദയങ്ങളുടെ രഹസ്യമറിയുന്നവൻ. മനുഷ്യർ തങ്ങളുടെ ആത്മീയ ജീവിതത്തെ പുറകോട്ടു തള്ളുകയും തങ്ങളുടെ കച്ചവടങ്ങളിലും ആഢംബരപൂർണ്ണ മായ ജീവിതത്തിലും മാത്രം ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്തിരിക്കുന്നു ഇക്കാലത്ത്. പലരും ഇന്ന്, സമുദായ സമ്പ്രദായം എന്ന നിലയിൽ, നാമധാരികളായ മുസ്ലീംങ്ങൾ മാത്രമാണ്. അതു കൊണ്ട്, ഇക്കാലത്ത് ഒരു ഖലീഫത്തുല്ലായുടെ ആവശ്യമുണ്ടെന്ന് അല്ലാഹു തീരുമാനിച്ചു.

മറ്റൊരു പ്രധാനകാര്യം വിശുദ്ധ ഖുർആനിൽ സൂചിപ്പിച്ചിരിക്കുന്ന അലിഫ്ലാം റാഅ് ദാർശനികമാനങ്ങളുള്ള പ്രയോഗമാണ്. റാഅ് എന്ന അക്ഷരം സൂചിപ്പിക്കുന്നത്, ഖിയാമത്ത്നാൾ വരെ മുജദ്ദിദുമാർ അയയ്ക്കപ്പെടും എന്നു തന്നെയാണ്. അതായത് മുജദ്ദിദിയ്യത്ത് ഒരു ശാശ്വത സ്ഥാപനമാകുന്നു. ഹസ്രത്ത മുഹമ്മദ് നബി (സ) തിരുമേനിയുടെ സത്യവിശ്വാസികളായ അനുച രന്മാർക്ക് ഖിയാമത്ത് നാൾവരെ ലഭിക്കുന്ന മഹത്തായ അത്ഭുതങ്ങളും വിജയങ്ങളും ആണ് ഇവ യൊക്കെ. (എന്റെ ഓർമ്മശരിയാണെങ്കിൽ, റൂഹാനി ഖാസായിൻ, നം.2, വോല്യം 2, പേജ് 63 അല്ലാഹു എനിക്ക് ഇക്കാര്യത്തിൽ വഴി കാണിച്ചു തരട്ടെ)

ഹസ്രത്ത് മസീഹ് മൗഊദ് (അ) തുടർന്നോ, മറ്റൊരിടത്തോ എഴുതുകയുണ്ടായി. "നമ്മൾ ധരിക്കുന്ന വസ്ത്രം ഒരാഴ്ചക്കുള്ളിൽ അഴുക്കു പുരളുന്നു. കഴുകി വൃത്തിയാകേണ്ടതുണ്ട്. ഓരോ നൂറ്റാണ്ടു കഴിയുമ്പോഴും, അതുകൊണ്ട് മുജദ്ദിദുമാർ വരേണ്ടതല്ല ? " ഇതിനർത്ഥം, ജനതയെ പുനരുദ്ധരിക്കാനും പരിഷ്കരിക്കാനും ആയി മുജദ്ദിദുമാർ വന്നുകൊണ്ടേയിരിക്കണം എന്നാണ്.

അതുകൊണ്ട് ഒരു ഖലീഫത്തുല്ലയുടേയൊ മുജദ്ദിദിന്റെയോ ജോലി അതു തന്നെയാണ്. നമ്മുടെ ശരീരത്തിലും അതുതന്നെ സംഭവിക്കുന്നു. നിമിഷം കഴിയുന്തോറും അത് പഴകുന്നു. നമ്മുടെ ആരോഗ്യത്തെ ബാധിക്കുന്നു. മതത്തിലും അതുതന്നെ സംഭവിക്കുന്നു. ഒരു നൂറ്റാണ്ടിൽ നിന്ന് അടുത്ത നൂറ്റാണ്ടിലേക്ക് പോകുമ്പോൾ ആത്മീയതയും നഷ്ടമാകുന്നു. ജീർണ്ണത പടരു ന്നു. അത്തരം സമയത്താണ് അല്ലാഹു (ത) അവന്റെ ഖലീഫയെ ഭൂമിയിലേക്ക് അയയ്ക്കുക. അല്ലാഹുവിന്റെ നിയമശാസനകൾക്കനുസൃതമായി, ഒരു തലമുറയെ പുനരുദ്ധരിയ്ക്കുന്നതിനായി ഒരു ഖലീഫത്തുല്ല ഇവിടെയുണ്ട്.

നൂറ്റാണ്ടുകളിലൂടെ തലമുറകൾ മാറിയപ്പോൾ നഷ്ടപ്പെട്ടുപോയ ദൈവീകാദ്ധ്യാപന ങ്ങളെ പുനരുദ്ധരിക്കുന്നതിനായി അല്ലാഹുവിന്റെ ഒരു ദൂതൻ നമ്മുക്കിടയിൽ വേണമെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാകുന്നു. അല്ലാഹു (ത) അവന്റെ ഖലീഫയെയോ ഖലീ ഫത്തുല്ല– മുജദ്ദിദ്നെയൊ മസീഹിനെയോ അയയ്ക്കുന്നു. ഹസ്രത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ ഇസ്ലായെ ഔഹാം എന്ന ഗ്രന്ഥത്തിൽ (പേജ് 197) ഇങ്ങനെ പ്രസ്താപിച്ചു. "ഞാൻ വാഗ്ദത്ത മസീഹ് (അ) ആകുന്നു. എന്നാൽ ഞാൻ മാത്രമല്ല അങ്ങനെ പ്രഖ്യാപിക്കുന്ന ആൾ അങ്ങനെ പ്രഖ്യാപിക്കുന്ന അവസാനത്തെ മസീഹ് മൗഊദ് ഞാനാണെന്നും ഞാൻ കരുതുന്നില്ല." അദ്ദേഹം തുടർന്നു. " എന്റെ അഭിപ്രായത്തിൽ, ഈ നൂറ്റാണ്ടാനുശേഷം 10,000 വാഗ്ദത്ത മസീഹുമാർ വന്നേക്കാം. അതു സാധ്യമാണ്. എന്നാൽ ഈ നൂറ്റാണ്ടിൽ, ഞാനാകു ന്നു വാഗ്ദത്ത മസീഹ്. "

## അഹ്മദികൾ 'ശിർക്കി 'ന്റെ വഴിയിൽ

വാഗ്ദത്ത മസീഹ് ഹസ്രത്ത മിർസാഹുലാം അഹ്മദ് (അ) ന്റെ അദ്ധ്യാപനങ്ങൾ മനസ്സി ലാക്കിയ ശേഷം, ഇസ്ലാമിക ഖിലാഫത്തിന്റെ അദ്ധ്യാപനങ്ങൾക്കും ദർശനങ്ങൾക്കും അനുസൃത മായ ഒരു ഖലീഫത്തുല്ലയോ മുജദ്ദിദോ ഇനിയുംവരാം എന്നു വിശ്വാസത്തെ നിഷേധിക്കാൻ ആർക്കും അവകാശമില്ല തന്നെ.

എന്നാൽ, നിർഭാഗ്യകരമെന്നു പറയട്ടെ, ഖലീഫയെ സംബന്ധിച്ച മിധ്യാധാരണകൾ, അഹ്മദിയ്യാ ജമാഅത്തിൽപ്പെട്ട വ്യക്തികൾ, അന്ധമായ നിലയിൽ പ്രചരിപ്പിക്കുകയാണ്. അഹ്മദിയ്യാ ഖിലാഫത്ത് ശാശ്വതമാണെന്നും ഖിലാഫത്താണ് തങ്ങളുടെ ജീവിതം എന്നു പറയാൻ വരെ അവർ ധൈര്യം കാണിച്ചിരിക്കുന്നു. അല്ലാഹുവിലും അവന്റെ തിരുദൂതരിലും ഉള്ള വിശ്വാ സത്തെ അവർ എവിടെ ഉപേക്ഷിച്ചു കളഞ്ഞു ? ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസ്സൂലുല്ലാഹ് എന്ന തൗഹീദിന്റെ മണി നാദം എവിടെപോയ് മറഞ്ഞു.?

അവർ പ്രബോധിക്കുന്നതെല്ലാം വാഗ്ദത്ത മസീഹിന്റെ അദ്ധ്യാപനങ്ങൾക്കെതിരായ കാര്യ ങ്ങളാണ്. ഒരു പഴമൊഴിയുണ്ട് . " നാക്കുകൊണ്ട് പറയുന്നതെല്ലാം പറന്നുപോകും. എഴുതി വയ്ക്കുന്നതാകട്ടെ എന്നും നിലനിൽക്കും." ഇസ്ലാമിന്റെയും അഹ്മദിയ്യാത്തിന്റേയും പ്രതിരോധം തങ്ങളിലൂടെയാണ് നടക്കുന്നതെന്ന് ഈ അഹ്മദികൾ വെറുതേ നടിക്കുകയാണ്. ഇസ്ലാമിനെ പ്രതിരോധിക്കാനുള്ള അവകാശം തങ്ങൾക്കു മാത്രം അവകാശപ്പെട്ട പ്രത്യേകാധികാരമാണെന്ന് അവർ നടിക്കുന്നു. എന്നാൽ, ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത് ? ലോകത്തിലെ അമീർ മാർ എല്ലാം കൂടി, യോഗം കൂടി തെരഞ്ഞെടുത്ത അല്ലാഹുവിന്റെ ഒരു സൃഷ്ടിയെ, എഴുന്നേൽ പ്പിക്കാൻ അവർ ശ്രമിക്കുന്നു അല്ലാഹുവിനും അവന്റെ റസൂലിനും (സ) ഖുർആൻ ഷരീഫിനും വളരെ മുകളിലായി അവർ അദ്ദേഹത്തെ ഉയർത്തികാട്ടുന്നു. പ്രവാചക പ്രഭു (സ) വിന്റേയും ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെയും അദ്ധ്യാപനങ്ങൾക്ക് ഘടകവിരുദ്ധമാണ് അവരുടെ പ്രവർത്തി.

നിങ്ങൾ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത് മനുഷ്യർ തെരഞ്ഞെടുക്കുന്ന ഒരു സൃഷ്ടിയെ, എല്ലാ അദ്ധ്യാപനങ്ങളും കാറ്റിൽ പറത്തിയും ചുട്ടുകരിച്ചുംകൊണ്ട്, മഹോന്നത സ്ഥാനത്തേക്ക് ഉയർത്തിയിരിക്കുന്നു. എല്ലായിടവും, എല്ലാ വീടുകളിലും, ഓരോ മൂലയിലും അദ്ദേ ഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് ഖിലാഫത്ത് ഞങ്ങളുടെ ജീവിതം എന്നവർ വിളിച്ചു പറയുന്നു. അല്ലാഹുവാണ് അവരുടെ ജീവിതത്തെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം അവർ മറന്നു. നിങ്ങൾ അല്ലാഹുവിനെയാണ് മാറ്റി നിർത്തിയത്. ഓർക്കുക, അല്ലാഹു വിന്റെ അനുഗ്രഹങ്ങളും വിധിയും കൂടാതെ ഈ പ്രപഞ്ചത്തിന് നിലനിൽപ്പില്ല. നിങ്ങൾ ജന്മം കൊള്ളുന്നതിനു വളരെ മുമ്പ തന്നെ, നിങ്ങളുടെ യാതൊരു പരിശ്രമവും കൂടാതെ തന്നെ, എല്ലാ അടിസ്ഥാന ജീവിത സൗകര്യങ്ങളും അവൻ നിങ്ങൾക്കുവേണ്ടി ഒരുക്കി. നിങ്ങളുടെ ജീവിതവും അവന്റെ കരങ്ങളിലാണ് ഉള്ളത്. അവൻ മുഴുപ്രപഞ്ചത്തേയും നിയന്ത്രക്കുന്നവനാണ്. നിങ്ങളുടെ ഖലീഫയുടെ ജീവനും അല്ലാഹുവിന്റെ കൈകളിലാണുള്ളത്. അതുകൊണ്ട്, നിങ്ങൾപോലും അറിയാത്ത നിലയിൽ, നിങ്ങളുടെ ഹൃദയത്തിന്റെ അഗാധതയിൽ, ശിർക്ക് കുടികൊള്ളുന്നു

ലൗകീക കാര്യങ്ങളിലേക്ക്  എല്ലാ ആത്മാക്കളും തിരിഞ്ഞിരിക്കുന്നു. ബിംബാരാധന എല്ലാ രൂപങ്ങളിലും വേരെടുത്തിരിക്കുന്നു;  സൂര്യൻ, ചന്ദ്രൻ, സസ്യലതാദികൾ, അല്ലാഹുവിന്റെ മറ്റു സൃഷ്ടികൾ എല്ലാം ഇന്ന് ആരാധിക്കപ്പെടുന്നു. അല്ലാഹുവിന്റെ സൃഷ്ടികളെ അല്ലാഹുവിനെക്കാൾ ഉയർത്തിക്കാട്ടുന്ന വിധം, മനുഷ്യരെ ആരാധിക്കുന്ന രീതികൾ ഇപ്പോഴുണ്ട്.

തൗബ–ഹൃദയപൂർണ്ണമായ പശ്ചാതാപം– ചെയ്തു മടങ്ങുന്നവർക്ക് സമാധാനം. ഈ അപകടങ്ങൾ ഇറങ്ങുംമുമ്പേ ദൈവഭയമുള്ളവർ അങ്ങനെ ചെയ്യണം. അതുകൊണ്ട്, അല്ലാഹുവിനെ കരുതി നമുക്ക് ഒരുമിച്ച് നിൽക്കാം. അല്ലാഹു (ത) അവന്റെ സൃഷ്ടികളോട് വളരെയേറെ കാരുണ്യം ഉള്ളവനാണ്. ഈ കൊടിയ വിപത്തുകളിൽ നിന്ന് രക്ഷപ്പെട്ടുകളയാം എന്നൊരു ധാരണ നിങ്ങൾക്കുണ്ടോ ? തീർച്ചയായും കഴിയില്ല.

അമേരിക്കയും ഇസ്രയേലും രക്ഷയിലല്ല. എന്തുകൊണ്ടെന്നാൽ, ഒരു ദീർഘകാലമായി അവർ ജനങ്ങളെ പീഡിപ്പിക്കുന്നു. വളരെ അടുത്തു തന്നെ, വാഗ്ദത്ത ദൈവീക ശിക്ഷയെ അവർക്ക് നേരിടേണ്ടി വരും. യൂറോപ്പും സമാധാനം കാണില്ല ;  ഏഷ്യയും സുരക്ഷിതമല്ല. ദ്വീപ് സമൂഹങ്ങളേയും രക്ഷിക്കാൻ ആരും വരില്ല. വൻ നഗരങ്ങളും പട്ടണങ്ങളും നശിപ്പിക്കപ്പെടും. മരുഭൂമിപോലെ ഉപേക്ഷിക്കപ്പെടും. അല്ലാഹു (ത) ക്ഷമ കൈകൊള്ളുകയാണെന്ന് എന്നോട് വെളിപ്പെടുത്തിയിരിക്കുന്നു. അവന്റെ കാഴ്ച വട്ടത്തിനുള്ളിൽ ജനങ്ങൾ ഒരുപാട് ദുഷ്കൃത്യങ്ങൾ ചെയ്തു കഴിഞ്ഞിരിക്കുന്നു. നിശ്ശബ്ദത കൈകൊണ്ട ദൈവം, അവന്റെ ക്രോധം അതി ശക്തമായ നിലയിൽ വെളിപ്പെടുത്തുവാൻ പോവുകയാണ്.

ചെവിയുള്ളവർ ശ്രദ്ധിച്ചു കേൾക്കുവിൻ !  ആ സമയം എത്താൻ ഇനി ഏറെ വൈകില്ല. ബലഹീനതകൾ നിറഞ്ഞ, വിനീതനായ ഒരു ദൈവീക ദാസൻ എന്ന നിലയിൽ, ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വിശ്വാസികളുടേയും ഒരു കുടുംബം എന്ന നിലയിൽ നമുക്ക് ഒരുമിച്ച് നിൽക്കാമെന്ന് ഞാൻ നിങ്ങളോട് പറയുന്നു. ഇസ്ലാം മതത്തെ സംബന്ധിച്ച നമ്മുടെ വിയോജിപ്പുകൾ പൂർണ്ണമായും ഒഴിവാക്കണം. വിയോജിപ്പുകളും തടസ്സങ്ങളും ഒഴിവാക്കി ഒരൊറ്റ സംഘമായി, ഒരു ഒറ്റ ജമാഅത്തായി, അല്ലാഹുവിനു വേണ്ടി നമുക്ക് നിലകൊള്ളാം.

അല്ലാഹുവിലും അവന്റെ എല്ലാ ദൂതന്മാരിലും സത്യമായും വിശ്വസിക്കുന്നവരാണ് ജമാഅത്തു സ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ. ഒരാൾക്കും മറ്റൊരാളുടെ മേൽ അധീശത്വം ഇല്ല തന്നെ. ഈ ജമാഅത്തിൽ എത്തിച്ചേരാൻ കഴിഞ്ഞവർ ഭാഗ്യവാന്മാരാണ്. നഷ്ടപ്പെട്ടുപോയ ഇസ്ലാമിക അദ്ധ്യാപനങ്ങൾ (വിശുദ്ധ ഖുർ ആന്റെ കൽപ്പനകളും ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ മാർഗ്ഗ നിർദ്ദേശങ്ങളും) പുനരുദ്ധരിക്കാൻ, അല്ലാഹുവിന്റെ ദൂതർക്കൊപ്പം ഒരുമിച്ച് പ്രവർത്തിക്കുവാൻ മഹാ ഭാഗ്യം സിദ്ധിച്ചവരാണ് നിങ്ങൾ. അല്ലാഹുവിന്റെ പ്രകാശം ജനങ്ങൾക്കിടയിൽ എത്തിക്കുക എന്ന മഹത്തായ ഉത്തരവാദിത്വം ഇന്ന് നിങ്ങളുടെ ചുമലുകളിലാണ്. അല്ലാഹുവിന്റെ സംരക്ഷണത്തിൻ കീഴിൽ, എല്ലാ മതസ്ഥരേയും അണിനിരത്താൻ പ്രത്യേകം ശ്രമിക്കുക. എല്ലാ ജമാഅത്ത് അംഗങ്ങളും സഹോദരീ സഹോദരന്മാരായും സമാധാനപൂർവ്വം വർത്തിക്കേണ്ടതാണ്.

നിങ്ങൾ വിജയികളാകുന്നതിനു വേണ്ടി അല്ലാഹുവിന്റെ കൽപ്പനകളും നിർദ്ദേശങ്ങളും അനുസരിക്കുകയും പിന്തുടരുകയും ചെയ്യുക. ഈ ലോകത്ത് മറ്റാരെക്കാളും നിങ്ങളുടെ രക്ഷിതാവായ ദൈവം തമ്പുരാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ സമാധാനത്തിലും സന്തോഷത്തിലും കഴിയണമെന്ന് അവൻ ആഗ്രഹിക്കുന്നു. സമാധാന ചിത്തരായി ജോലി ചെയ്യുക. അതേ സമയം, കപടവിശ്വാസികളും അവിശ്വാസികളും ആയിട്ടുള്ളവർക്ക് അല്ലാഹുവിന്റെ ശിക്ഷ ഒരുക്കിവയ്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ക്രോധം അതിനർഹതപ്പെട്ടവർക്ക് എത്തിച്ചേരുന്നതിൽ നിന്നും തടയാൻ ആർക്കും സാധ്യമല്ല.

ലോക സാമ്പത്തിക മാന്ദ്യവും ഇന്ധന ക്ഷാമവും ഉണ്ടാകും. പെട്രോൾ വില ഇനിയും കുതിച്ചുയരും. നമ്മുടെ രാജ്യത്തു തന്നെ, ജനങ്ങൾ പൊതുവേ ബുദ്ധിമുട്ടിൽ അകപ്പെടും. ദിവസം കഴിയുന്തോറും പ്രയാസങ്ങൾ ഏറിവരും. അതു കൊണ്ട് ഭാവി കാലത്തിനു വേണ്ടി കരുതൽ നടപടികൾ എടുക്കുക. അനാവശ്യ ചെലവുകൾ ഒഴിവാക്കുക. ചൂതാട്ടം, കുതിരപ്പന്തയം, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, പുകവലി തുടങ്ങി മനുഷ്യനെ ആരോഗ്യപരമായും സാമ്പത്തികമായും തകർക്കുന്ന ശീലങ്ങളെല്ലാം പാടെ വർജ്ജിക്കുക. അതുകൊണ്ട്, ലളിത ജീവിതം

ശീലമാക്കുക. വിലക്കയറ്റത്തിന്റെ ഈ കാലഘട്ടത്തിൽ, ജനങ്ങൾ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നു. അതുകൊണ്ട് ചെലവു ചുരുക്കം ഗൗരവമായി കാണുക. കുട്ടികളിലും ത്യാഗ ശീലം വളർത്തുക. അവരുടെ ധനവിനിയോഗ രീതികൾ ശ്രദ്ധിക്കുക. അവരുടെ ജീവനും സമ്പത്തും കുടുംബത്തിന്റെ അഭിമാനവും നഷ്ടം വരാവുന്ന കുഴികളിൽ അവർ വീഴാതെ നോക്കുന്നതിനു ഇതനുവാര്യമാണ്.

ഞാൻ സത്യമായും പറയുന്നു. നമ്മുടെ ദ്വീപും രക്ഷയിലല്ല. നൂഹ് നബി (അ) യുടെ കാലം വരുന്നു. സമൂദിന്റെ നാട്ടിലെ കാഴ്ചകളും നാം കാണേണ്ടി വരും. അല്ലാഹു (ത) അവന്റെ ക്രോധം വെളിപ്പെടുത്തുന്നതിനു കുറച്ചു നാൾകൂടി കാത്തിരുന്നേക്കും.

## അല്ലാഹുവിലേക്ക് തിരിയുക

അതുകൊണ്ട്, അല്ലാഹുവിനോട് പശ്ചാത്തപിച്ചു മടങ്ങുക, നിങ്ങളോട് ദയകാട്ടപ്പെടുന്നതിനായി പ്രാർത്ഥനകളും പരിദേവനങ്ങളുമായി രാത്രി കഴിച്ചുകൂട്ടുക. അല്ലാഹുവിനേയും അവന്റെ ഈ വിനീത ദാസനേയും നിഷേധിച്ചുകൊണ്ട്, അവന്റെ അടയാളങ്ങളെ പരിഹാസ്യമാക്കിയവർ, തീർച്ചയായും അവർ ഏറ്റവും നഷ്ടപ്പെട്ടവരും അഹങ്കാരികളും ആകുന്നു. അവർ മനുഷ്യർ എന്നു വിളിക്കപ്പെടാൻ പോലും അയോഗ്യരായിരിക്കുന്നു. "എന്നോടൊപ്പം (അല്ലാഹുവിനൊപ്പം) അല്ലാത്തവർ, എന്നെ (അല്ലാഹുവിനെ) സംബന്ധിച്ചിടത്തോളം, അവർ മരിച്ചവരാണ്."

കഴിഞ്ഞ കുറേ ആഴ്ചകളായി സംഭവിച്ചുകൊണ്ടിരിയ്ക്കുന്നു കാര്യങ്ങൾ വളരെ വിചിത്രവും ഭയാനകവും ആണ്. ഇവ, ഒരു മൂന്നാം ലോക യുദ്ധത്തിലേക്കുള്ള സൂചനകളാണോ ? അല്ലാഹു (ത) എനിക്കു നൽകിയ സന്ദേശം ഞാൻ കൃത്യമായി മനസ്സിലാക്കിയോ എന്നറിയുന്നവൻ അല്ലാഹു ആകുന്നു.

എന്തായാലും, ജീവനഷ്ടവും മഹായുദ്ധങ്ങളും വരുന്നു. ഒരു അറ്റോമിക യുദ്ധം അകലെയല്ല. എപ്പോഴാണ് ഈ യുദ്ധങ്ങൾ തുടങ്ങുകയെന്നു അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. എന്നാൽ നാം നീണ്ട പ്രാർത്ഥനകളും അപേക്ഷകളും ആയി അല്ലാഹുവിന്റെ സന്നിധിയിൽ, രാത്രികൾ കഴിച്ചുകൂട്ടുക. എല്ലാവിധ വിപത്തുകളിൽ നിന്നും നമ്മെ രക്ഷിച്ച്, നമ്മുടെ ഈമാൻ വർദ്ധിപ്പിക്കുവാൻ, അല്ലാഹുവിനു മാത്രമേ കഴിയുകയുള്ളൂ. അവന്റെ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ അടയാളങ്ങൾ കാണിച്ചു തരാൻ കഴിവുള്ളവനും അവൻ തന്നെയാകുന്നു. അതുകൊണ്ട് അല്ലാഹുവിലേക്കു മാത്രം തിരിയുക. ഇൻശാ അല്ലാഹ്.

**Friday Sermon of 30 May 2008,**
**delivered by :**
**HAZRAT MUNIR AHMAD AZIM,**
**Khalifathullah & Mujaddid of the 15th Century**

**Translated by Fazil Jamal BAL, LLB, LLM, M.Phil**